# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4006 — 20.07.2015-ലെ മറുപടിക്ക്

## അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.വി.എസ്. സുനിൽകുമാർ | | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
|---|---|---|
| (എ) അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;<br><br>(ബി) അപ്രോച്ച് റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ; | (എ)<br>(ബി)<br>&<br>(സി) | പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. സ്ഥലമെടുപ്പിനായി മുനമ്പം ഭാഗത്ത് 4(1) നോട്ടിഫിക്കേഷനും അഴീക്കോട് ഭാഗത്ത് 6(1) നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണത്തിന് 153 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയ്ക്ക് ബഡ്ജറ്റിൽ പണം നീക്കി വച്ചിട്ടില്ല. |
| (സി) പ്രസ്തുത പ്രവൃത്തിയ്ക്ക് ബഡ്ജറ്റിൽ പണം നീക്കി വച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;<br><br>(ഡി) ഈ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ആവശ്യമായ ഭൂമി, പാരിസ്ഥിതികാനുമതി എന്നിവ ലഭ്യമായതിനു ശേഷം ആവശ്യമായ ഫണ്ട് ലഭിയ്ക്കുന്ന മുറയ്ക്ക് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ